പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 448 27.09.2011 ൽ മറുപടിയ്ക്ക്

എൻഡോസൾഫാൻ ദുരിതമേഖലയിലെ അശ്വാസ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി | ഡോ. എം.കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി |
| (എ) എൻഡോസൾഫാൻ ദുരിതമേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം ആശ്വാസ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; | (എ) എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായവും പുനരധിവാസവും ഉറപ്പാക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1285 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ടി മേഖലയിൽ ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം ഉറപ്പാക്കുന്നതിനും പുനരധിവാസത്തിനുമായി 11 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ സേവനം 11 ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇവർക്കായി കേരള സാമൂഹ്യസുരക്ഷ മിഷൻ വഴി എന്തൊക്കെ ധനസഹായങ്ങളാണ് നല്കാൻ ഉദ്ദേശിക്കുന്നത്; | (ബി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന നടപ്പിലാക്കുന്ന ധനസഹായ പദ്ധതികൾ താഴെ പ്പറയുന്നു.<br>1) എൻഡോസൾഫാൻ ദുരിതബാധിതരായി തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും തുടർ ചികിത്സ ആവശ്യമായുള്ള മറ്റുള്ളവർക്ക് 1000 രൂപയും പ്രതിമാസ ധനസഹായം നൽകി വരുന്നു. ഇതുവരെ 3771 പേർക്ക് 2011 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം നൽകി.<br>2) എൻഡോസൾഫാൻ ദുരിതബാധിതരായ 18 വയസിന് താഴെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ ആശുപത്രിയ്ക്കും ജനറൽ ആശുപത്രിയ്ക്കും പ്രത്യേക ഫണ്ട് അനുവദിച്ച് ചികിത്സ നൽകി വരുന്നു.<br>കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർക്ക് ആദ്യ ഘട്ടം എന്ന നിലയിൽ 10 ലക്ഷം |

| | |
|---|---|
| | രൂപ അനുവദിച്ചിട്ടുണ്ട്.<br>3. എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക് 1000 രൂപ വീതവും 8 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ വീതവും 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2500 രൂപ വീതവും ഒറ്റത്തവണ ധനസഹായമായി നൽകി. ഇതുവരെ 2523 കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഈ ധനസഹായം ഇപ്പോൾ യഥാക്രമം 2000, 3000, 4000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് ഒരു സമഗ്ര സാമൂഹ്യ - സാമ്പത്തിക സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ? | എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഇതര വകുപ്പുകളുമായി സഹകരിച്ച് സമഗ്ര സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ